ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരമേൽക്കുമ്പോൾ കേരളത്തിൽ ജലസേചന വകുപ്പിന്റെ കീഴിലുള്ള 16 വൻകിട ഇടത്തരം പദ്ധതികൾ പ്രവർത്തനക്ഷമമായിരുന്നു.

(ബി) ഇപ്പോഴത്തെ യു. ഡി. എഫ്. സർക്കാർ ഇതുവരെയുള്ള കാലയളവിൽ കാരാപ്പുഴ ജലസേചന പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുകയും പലകപ്പാണ്ടി പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം (ഭാഗികം), പാലക്കാട് (ഭാഗികം) എന്നീ ജില്ലകളുടെ ഭാഗങ്ങളിലാണ് ആനുകൂല്യങ്ങൾ നിർത്തലാക്കിയിട്ടുള്ളത്.

(ഇ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയായിരുന്നു കർഷകർക്ക് ആനുകൂല്യങ്ങൾ നൽകിക്കൊണ്ടിരുന്നത്. കേന്ദ്ര സർക്കാർ, ചില പദ്ധതികൾക്കുള്ള 'കാഡ്പ്രോഗ്രാം' നിർത്തലാക്കിയതിനാലാണ് ഇപ്പോൾ ആനുകൂല്യങ്ങൾ ലഭ്യമാക്കാത്തത്. കേന്ദ്ര സർക്കാരിന്റെ പുനർ അനുമതി ലഭിച്ചാൽ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കാവുന്നതാണ്.

ജലനിധി പദ്ധതി

51 [1768] ശ്രീ. കെ. പി. രാജേന്ദ്രൻ :

,, മാങ്കോട് രാധാകൃഷ്ണൻ :

,, എം. കുമാരൻ :

,, പി. നാരായണൻ :

,, പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ജലനിധി പദ്ധതി നടപ്പാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ പ്രസ്തുത പദ്ധതി നടന്നുവരുന്ന ജില്ലകൾ ഏതെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും സംസ്ഥാന ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് ജലനിധി പദ്ധതി ഇപ്പോൾ എല്ലാ ജില്ലകളിലും നടപ്പാക്കിവരുന്നു.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ലോക ബാങ്ക് സഹായമായി ലഭിക്കുന്ന തുക കേന്ദ്ര സർക്കാരിൽ നിന്നും അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ആയി ലഭിക്കുന്നതാണ്. ഇത് ആകെ പദ്ധതി ചെലവിന്റെ 72% ആയിരിക്കും. സംസ്ഥാന സർക്കാർ വിഹിതം 7% ആണ്.

LIBRARY ARCHIVES Kerala Legislative Assembly